# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2020 ഡിസംബർ 13

## വാർത്താക്കുറിപ്പ്

# രാജ്യാന്തര ജലസമ്മേളനത്തിന് എം.ജി. സർവകലാശാലയിൽ തുടക്കം

ജലമലിനീകരണം മുതൽ ശുദ്ധീകരണം വരെ ചർച്ചചെയ്യുന്ന രാജ്യാന്തര ജല സമ്മേളനത്തിന് മഹാത്മാഗാന്ധി സർവകലാശാലയിൽ തുടക്കമായി.

മഹാത്മാഗാന്ധി സർവകലാശാല അന്തർസർവകലാശാല ഇൻസ്ട്രുമെന്റേഷൻ സെന്ററും സ്‌കൂൾ ഓഫ് എൺവയോൺമെന്റൽ സയൻസസും അഡ്വാൻസ്ഡ് സെന്റർ ഫോർ എൺവയോൺമെന്റൽ സ്റ്റഡീസ് ആൻഡ് സസ്‌റ്റെയിനബിൾ ഡെവലപ്‌മെന്റും എസ്.ഇ.സി.എ.എസും സംയുക്തമായി ഓൺലൈനായി സംഘടിപ്പിക്കുന്ന സമ്മേളനത്തിൽ ലോകത്തിലെ വിവിധ രാജ്യങ്ങളിൽനിന്നുള്ള പ്രഗത്ഭശാസ്ത്രജ്ഞർ വിവിധ വിഷയങ്ങളിൽ പ്രബന്ധം അവതരിപ്പിക്കും.

വൈസ്ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിച്ചു. പ്രോവൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗം ഡോ. കേരള വർമ, പ്രൊഫ. എ.പി. തോമസ്, പ്രൊഫ. ഇ.വി. രാമസ്വാമി, പ്രൊഫ. ഉഷ കെ. അരവിന്ദ്, ഡോ. കെ.ആർ. ബൈജു എന്നിവർ സംസാരിച്ചു. റൊനാൾഡ് കലെൻബോൺ(നോർവെ), മെഷ്യറ്റ് എ.

ഔടൻ(ഫ്രാൻസ്), തോഷിഭുമി ഇഗരാഷി(ജപ്പാൻ), അമൃംതാംഷു ശ്രീവാസ്തവ(ഐ.ഐ.ടി. മുംബൈ), റെയ്കോ ഗൃഡസ് അലൻസോ(സ്പെയിൻ), മൈക്കിൾ ജോൺ വലൻ(ബ്രിട്ടൻ), സുരേഷ് സി. പിള്ള(അയർലൻഡ്), എസ്. സ്റ്റെഫ്‌ലിൻ പോൾ സെൽവിൻ(ചൈന), റഖിമോവ ലാറ്റോഫാറ്റ്(ഉസ്ബെക്കിസ്ഥാൻ), ലീ ഡി വിൽസൺ(കാനഡ), ജെ. സെൽവകുമാർ(ഇന്ത്യ), ചല ദാബ്(എത്യോപ്യ), സത്യജിത്ത് ശുക്ല, ബി. നെപ്പോളിയൻ, അമ്പഴഗി മുത്തുകുമാർ, പി. കലൈസെൽവി, പൂജ ചവാൻ സാന്റോസ്, അദ്വൈത കർ, രാജ്കുമാർ ഗുപ്ത, അഭിജിത്ത് മൈതി തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ പ്രബന്ധം അവതരിപ്പിച്ചു. സമ്മേളനം ഇന്ന്(ഡിസംബർ 14) സമാപിക്കും.

(പി.ആർ.ഒ/39/1300/2020)

**എ. അരുൺകുമാർ**

പബ്ലിക്റിലേഷൻസ്ഓഫീസർ